# കൊറോണ കാലത്തേ കുടുംബശ്രീ പ്രവര്ത്തനങ്ങള്

## ബ്ലോക്ക്     പാമ്പാടി

## പഞ്ചായത്ത്  പാമ്പാടി

**ആമുഖം**

നിരവധി മികച്ച മാതൃകകള് രാജ്യത്തിന് സംഭാവന ചെയ്ത നാടാണ് നമ്മുടെ കേരളം . സാക്ഷരതയില് സ്ത്രീ ശാക്തീകരണത്തില് ജനകീയാസൂത്രണത്തില് ശുചിത്വത്തില് ഭാഷ്യസുരക്ഷയില് അങ്ങനെ എന്നിയാലുടങ്ങാത്ത  കാര്യങ്ങളില് നാം പുലര്ത്തുന്നുന്ന  രാജ്യാന്തര നിലവാരം .മറ്റു സംസ്ഥാങ്ങള് മാതൃക ആക്കിയിട്ടുണ്ട്  അത്തരത്തില്  രാജ്യത്തിനാകെ മാതൃകയായ  ഒന്നാണ് കുടുംബശ്രീ മിഷന് .1998

യില് രൂപീകൃത മായാ കാലം മുതല് കുടുംബശ്രീ മിഷന് ത്വരഗതിയില് വളര്ന്ന് വരുന്നതായി കാണാന് കഴിയും .ലക്ഷകണക്കിന് സ്ത്രീകളെ സാമ്പത്തികമായും സമൂഹമായും ഉന്നതിയില് എത്തുന്നതിനു സഹായിച്ചത് ഈ പ്രസ്ഥാനം ആണ് .

ലോകമാകമാനം വ്യാപിച്ചു കൊണ്ടിരിക്കുത് മഹാമാരിയാണ് കൊറോണ. ഇത്  ഇന്ത്യയില്   ആദ്യമായി റിപ്പോര്ട്ട്    ചെയ്തത് കേരളത്തിലാണ്. കോവിഡ് 19 അതിജീവിക്കുന്നതിനും, തുടര് വ്യാപനം തടയുന്നതിനും ആവശ്യമായ നടപടികള് സ്വീകരിച്ചു ലോകത്തിനു തന്നെ മാതൃകയായ സംസ്ഥാനമാണ് കേരളം. ഇതിന്റെ ഭാഗമായി തദ്ദേശ സ്വയം ഭരണ വകുപ്പുകളുമായി സഹകരിച്ചു കുടുംബശ്രീ പ്രസ്ഥാനം  സുസ്ത്യര്ഹമായ പ്രവര്ത്തങ്ങള് കാഴ്ചവച്ചു.

**കമ്മ്യൂണിറ്റി കിച്ചണ്**

സംസ്ഥാനത് ആരും പട്ടിണി കിടക്കുന്ന അവസ്ഥ ഉണ്ടാകരുത് എന്ന ലക്ഷ്യത്തോടെയാണ് കമ്മ്യൂണിറ്റി കിച്ചണ് ആരംഭിച്ചത്. ഇതിന്റെ ഭാഗമായി കുടുംബശ്രീയുടെ സഹായത്തോടുകൂടി പാമ്പാടി ഗ്രാമ പഞ്ചായത്തില് കമ്മ്യൂണിറ്റി കിച്ചണ് ആരംഭിച്ചു.

ഏകദേശം 30 ദിവസങ്ങള് നീണ്ടു നിന്ന് ഈ പ്രവര്ത്തനം. cds അംഗങ്ങളും കുടുംബശ്രീ അംഗങ്ങളും കൂടി ഭക്ഷണം പാകം ചെയ്തു ആവശ്യമുള്ളവര്ക്ക് എത്തിച്ച കൊടുത്തു. ഏകദേശം 6000 പൊതിച്ചോറുകള് കുടുംബശ്രീ അംഗങ്ങളുടെ നേതൃത്വത്തില് എത്തിച്ചു നല്കി.കൂടാതെ ഇതര സംസ്ഥാനങ്ങളില് നിന്നും എത്തിയിട്ടുള്ള അതിഥി തൊഴിലാളിക്കും കമ്മ്യൂണിറ്റി കിച്ചണില് നിന്നും ഭക്ഷണം നല്കി

**മുഖ്യ മന്ത്രിയുടെ സഹായ ഹസ്തം വായ്പ പദ്ധതി**

ഈ പദ്ധതിയുടെ ഭാഗമായി പാമ്പാടി പഞ്ചായത്തിലെ 129 അയല്ക്കൂട്ടങ്ങൾക്ക് വായ്പ അനുവദിക്കുന്നതിന്റെ പ്രവര്ത്തനങ്ങള് സിഡിഎസ് ,എ ഡിസ് ചേര്ന്നു നടപ്പിലാക്കി. തലഫലമായി ബാങ്കുക Ä വഴി അയല്ക്കൂട്ടങ്ങ Ä ഇതിന്റെ പ്രയോജനം നേടിക്കൊണ്ടിരിക്കുന്നു. കൊറോണ കാലത്തു സാമ്പത്തികമായ ബുദ്ധിമുട്ടു അനുഭവിക്കുന്ന കുടുംബശ്രീ

അംഗങ്ങള്ക്ക് ഈ വായ്പ്പാ ലഭിച്ചത് വളരെ യധികം പ്രയോജനം

ആയി .

**ആശ്രയ**

അഗതി രഹിത പദ്ധതിയില് ഉള്പ്പെട്ട മുഴുവന് അംഗങ്ങളെയും ഫോണ് മുഖേന ബന്ധ പെടുകയും അവരുടെ ആവശ്യങ്ങള് അനേഷിക്കുകയും വെണ്ട സഹായം ചെയ്തു കൊടുത്തു . ജീവിത ശൈലി രോഗങ്ങള്ഉള്ള ആശ്രയ ഗുണഭോക്താക്കÄക് ആശ വര്ക്കര് മുഖേന മരുന്നുകള് സിഡ്സ് അംഗങ്ങള് വീട്ടില് എത്തിച്ചു നല്കി .അത് കൂടാതെ സ്വന്തമായി ആഹാരം വെച്ച് കഴിക്കാന് നിവൃത്തി ഇല്ലാത്ത ആശ്രയ ഗുണഭോക്താക്കÄക് കമ്മ്യൂണിറ്റി കിച്ചന് വഴി കുടുംബശ്രീ അംഗങ്ങള് ഭക്ഷണവും എത്തിച്ചു നല്കി .റേഷന് കടയില് പോയി സാധങ്ങളും വാങ്ങാന് കഴിയാത്ത ആശ്രയ ഗുണഭോക്താക്കÄക് സിഡ്സ് അംഗങ്ങള് റേഷന് കടയില് നിന്നും സാധങ്ങളും വീട്ടില് എത്തിച്ചു നല്കി .

**വയോജനങ്ങളുടെ ആരോഗ്യ സ്ഥിതി വിലയിരുത്തല്**

Elderly focused program sâ ഭാഗമായി ക്വാറന്റൈനില് കഴിഞ്ഞിരുന്ന 60 വയസിനു മുകളില് ഉള്ളവരെ ഫോണ്

മുഖാന്തരം  ബന്ധപ്പെടുകയും  അവരുടെ ആവശ്യങ്ങള് അനേഷിക്കുകയും ചെയ്തു . ഇങ്ങനെ ഫോണ് മുഖാന്തരം ബന്ധ പെട്ടപ്പോള് മരുന്ന് ആവശ്യം ആണെന്ന് പറഞ്ഞവര്ക് സിഡ്സ് അംഗങ്ങള് ആശ വര്ക്കര് മുഖേന മരുന്ന് വീട്ടില് എത്തിച്ചു നല്കി .

**മാസ്ക് നിര്മ്മാണം**

കോവിഡ് 19 ലോകം മുഴുവനും വ്യാപിച്ചപ്പോള് സര്ക്കാര് മാസ്ക് നിര്ബന്ധം ആക്കി . പാമ്പാടി ഗ്രാമപഞ്ചായത്തില് കുടുംബശ്രീയുടെ ആഭിമുഖ്യത്തില് 3 യൂണിറ്റുകളില് ആയി ഏകദേശം 5000 മാസ്കുകള് കുടുംബശ്രീ അംഗങ്ങള് കും തൊഴില് ഉറപ്പു പ്രവര്ത്തകര്ക്കും മറ്റു ആള്ക്കാര്ക്കും നല്കി .




-

SOUMYA V S

DDU  GKY & SD BC